എമ്മാവൂസ്

# വചനദൂത്



# ദൈവത്തിന്റെ കരം

മംഗലവാർത്ത മൂന്നാം ഞായർ ലൂക്കാ 1:57 – 66

Vol.26 / Issue - 26 / 17 Dec 2017

ബ്ര. അലൻ കുന്നുംപുറത്ത്

മംഗളവാർത്താക്കാലത്തിന്റെ മൂന്നാം ഞായറാഴ്ചയായ ഇന്ന് തിരുസഭാമാതാവ്, അസാധ്യതകളെ സാധ്യതകളാക്കുന്ന ദൈവത്തിന്റെ അനന്ത സാധ്യതകളെ എടുത്തുകാട്ടുന്ന സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള വചനഭാഗം നമുക്ക് ധ്യാനവിഷയമായി തന്നിരിക്കുകയാണ്. കൃത്രിമബുദ്ധി സാങ്കേതികവിദ്യ അടിസ്ഥാനമാക്കി നിർമ്മിച്ച സോഫിയ എന്ന യന്ത്രമനുഷ്യന് സൗദി അറേബ്യ പൗരത്വം നൽകിയ വാർത്ത കഴിഞ്ഞ മാസം ലോകം അത്ഭുതത്തോടെയാണ് സ്വീകരിച്ചത്. ഇതാദ്യമായാണ് ഒരു രാജ്യം യന്ത്രമനുഷ്യന് പൗരത്വം നൽകുന്നത്. 1950 മുതൽ മനുഷ്യജീവിതത്തിന് സഹായിയായി മനുഷ്യർ യന്ത്രമനുഷ്യരെ ഉപയോഗിച്ചിരുന്നുവെങ്കിൽ സോഫിയയുടെ വരവോടെ, സഹായി എന്നതിൽ നിന്നും സഹജീവി എന്ന തലത്തിലേക്ക് യന്ത്രമനുഷ്യരെ ഉയർത്താനുള്ള ഉദ്യമമാണ് നടന്നിരിക്കുന്നത്. മനുഷ്യൻ ഇന്ന് സ്വാഭാവിക ധാർമ്മിക മൂല്യങ്ങളില്ലാത്ത യന്ത്രമനുഷ്യനെ നിർമ്മിക്കുമ്പോൾ അതിലുപരിയായി അത് നിർമ്മിക്കാനുള്ള ബുദ്ധിശക്തി മനുഷ്യനിൽ നൽകിയ ദൈവത്തിന്റെ സർവ്വശക്തിയെയാണ് അത്ഭുതത്തോടെ വീക്ഷിക്കേണ്ടത് എന്ന ചിന്ത പങ്കുവെക്കുകയാണ് ഈ സുവിശേഷഭാഗം.

കുഞ്ഞുങ്ങളുണ്ടാകുവാൻ മനുഷ്യദൃഷ്ടിയിൽ യാതൊരു സാധ്യതയുമില്ലാതിരുന്ന സഖറിയ എലിസബത്ത് ദമ്പതികൾക്കായി, ലോകരക്ഷകന് വഴിയൊരുക്കുക എന്ന ദൗത്യം നിർവ്വഹിച്ച് രക്ഷണീയ കർമ്മത്തിൽ ഭാഗവാക്കാകുവാൻ ഭാഗ്യം സിദ്ധിച്ച സ്നാപകയോഹന്നാൻ എന്ന പ്രവാചകന് ജന്മമേകുന്നതുവഴി ദൈവത്തിന്റെ അനന്തസാധ്യതകളെയും അനന്തകാരുണ്യത്തെയുമാണ് വ്യക്തമാക്കപ്പെടുന്നത്. ഈ ഞായറാഴ്ചയിലെ പഴയനിയമവായനകൾ രണ്ടും ഈ ഒരു ആശയത്തോട് ഏറെ ചേർത്തുവായിക്കാവുന്നവയാണ്. ഉത്പത്തി പുസ്തകം 18-ാം അദ്ധ്യായം 1 മുതൽ 15 വരെയുള്ള വാക്കുകൾ അബ്രാഹത്തിനെയും സാറായെയും ദൈവം സന്ദർശിക്കുന്ന ഭാഗമാണ് വിവരിക്കുന്നത്. ഇതിന്റെ 12-ാം വാകൃത്തിൽ സാറാ ദൂതനോട് ചോദിക്കുന്ന ഒരു ചോദ്യമുണ്ട്; അതിപ്രകാരമാണ്.

"എനിക്ക് പ്രായമേറെയായി ഭർത്താവും വൃദ്ധനായി, എനിക്കിനി സന്താനഭാഗ്യമുണ്ടാകുമോ?" ദൈവത്തിന്റെ വാഗ്ദാനത്തെ സംശയിച്ച് സംസാരിച്ച സാറയുടെ വാക്കുകളെ വിമർശിച്ച ശേഷം, കർത്താവ് അബ്രാഹത്തോട് പറയുന്നു. "കർത്താവിന് കഴിയാത്തതായി എന്തെങ്കിലുമുണ്ടോ? ഇത് ഒരു പ്രത്യാശയുടെ മധുരമാർന്ന വാക്കുകളാണ്. നമ്മുടെ ജീവിതത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് ദൈവം അരുളിചെയ്യുന്ന ഈ വാക്കുകൾ നാം എപ്പോഴും കൂടെ കൊണ്ടുനടക്കേണ്ടതാണ്. നമ്മുടെ ജീവിതത്തിലെ പരാജയത്തിന്റെ നിമിഷങ്ങളിൽ, കടുത്ത ദുഃഖത്തിന്റെ വേളകളിൽ, തകർച്ചയുടെ ഭീതിയിൽ, ജീവിതത്തിന്റെ അർത്ഥം നശിക്കുന്ന നേരങ്ങളിൽ, നിരാശയുടെ നിമിഷങ്ങളിൽ നമ്മുടെ മനസ്സിൽ സൂക്ഷിക്കേണ്ട വാക്യമാണിത്. കർത്താവിന് കഴിയാത്തതായി ഒന്നുമില്ല. നമ്മെ ഏത് അവസ്ഥയിൽ നിന്നും തിരികെ എത്തിക്കാൻ കഴിവുള്ള ദൈവത്തിന്റെ കരത്തിലുള്ള വിശ്വാസത്തെയാണ് നാം ഇതിലൂടെ ഏറ്റുപറയുന്നത്.

പഴയനിയമപുസ്തകത്തിൽ നിന്നുള്ള രണ്ടാം വായനയിൽ ന്യായാധിപന്മാരുടെ പുസ്തകം 13-ാം അദ്ധ്യായത്തിൽ ദീർഘനാളത്തെ കാത്തിരിപ്പിനു ശേഷം മനോവയ്ക്കും ഭാര്യയ്ക്കും സാംസണെ നൽക്കുന്ന ദൈവകരുണയെയാണ് കാണാനാവുന്നത്. ഫിലിസ്ത്യരുടെ കയ്യിൽ നിന്നും ഇസ്രായേലിനെ മോചിപ്പിക്കുവാനായി ദൈവം തെരഞ്ഞെടുത്ത ശക്തനായ പ്രവാചകനായ സാംസണെ മകനായി നൽകുവാനായിരുന്നു ദൈവം ആ ദമ്പതികൾക്ക് ഒരു നീണ്ട കാത്തിരിപ്പ് അനുവദിച്ചത്. ഈ വചനത്തിലും പ്രത്യാശയുടെ ബഹിഷ്സ്ഫുരണങ്ങൾ വഴിഞ്ഞൊഴുകുന്നതായാണ് നാം ദർശിക്കുന്നത്. ദൈവം പ്രവർത്തിക്കുന്ന ഒരു സമയമുണ്ട്. ഞാൻ ഉദ്ദേശിച്ച സമയത്ത് ഞാൻ ആശിക്കുന്ന രീതിയിൽ ദൈവം ഇടപെടണം എന്ന് വാശിപിടിക്കുകയാണ് പലപ്പോഴും നാമെല്ലാം. എന്നാൽ വചനഭാഗം നമുക്ക് മുമ്പിൽ തുറന്നുവയ്ക്കുന്നത് മറ്റൊന്നാണ്. ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുക.

8-ാം ദിവസത്തെ സ്നാപകയോഹന്നാന്റെ പരിച്ഛേദനകർമ്മവും പേരിടുന്ന സംഭവവുമാണ് സുവിശേഷഭാഗത്തിലെ കേന്ദ്രബിന്ദുവായി നിലകൊള്ളുന്നത്. പാരമ്പര്യങ്ങൾക്കു വിപരീതമായ ഒരു പേരിടൽ കർമ്മമാണ് അവിടെ നടന്നത്. തങ്ങളുടെ ബന്ധുക്കളിലാർക്കും ഈ പേരില്ലല്ലോ എന്ന സമൂഹത്തിന്റെ പ്രേരണയ്ക്ക് വഴങ്ങാതെ കർത്താവിന്റെ കല്പനയെ നിവർത്തിച്ചുകൊണ്ട് യോഹന്നാൻ എന്ന് ശിശുവിന് അവർ പേരിടുകയാണ്. കർത്താവിന്റെ കല്പനയെ അവിശ്വസിച്ചതിനാൽ സഖറിയ മൂകനായെങ്കിലും യോഹന്നാൻ എന്ന പേരിട്ടുകൊണ്ട് കർത്താവിന്റെ കല്പനയെ അനുസരിക്കുന്ന മാത്രയിൽ സഖറിയായുടെ നാവിന്റെ കെട്ടു കളഴിയുന്നതായി നാം കാണുന്നു. ഇത് കർത്താവിന്റെ കൽപനയനുസരിച്ച് അവിടുത്തോട് ചേർന്നു നിൽക്കുന്ന ജീവിതങ്ങൾക്ക് ലഭിക്കുന്ന അനുഗ്രഹത്തെയാണ് എടുത്തുകാട്ടുക. എല്ലാം ശരിയാകും എന്ന പൊള്ളയായ വാഗ്ദാനങ്ങൾ നൽകി മാറി മാറി വരുന്ന ഭരണ നേതൃത്വങ്ങളും വളച്ചൊടിച്ച വാർത്തകളും ചിത്രങ്ങളും വീഡിയോകളും കൊണ്ട് വയറലാകാൻ പെടാപ്പാടുപ്പെടുന്ന സോഷ്യൽ മീഡിയകളും നിറയുന്ന ഈ കാലഘട്ടത്തിൽ ഏത് ശരി? ഏത് വിശ്വസിക്കണം എന്നറിയാതെ പലപ്പോഴും നാം കഷ്ടപ്പെടുന്ന സാഹചര്യത്തിലാണ് അന്നും ഇന്നും എന്നും മാറ്റപ്പെടാത്തതും വിശ്വാസയോഗ്യവുമായത് ദൈവവചനമാണെന്നും ദൈവകല്പനകൾ പാലിച്ചുകൊണ്ട് ദൈവവിശ്വാസത്തിൽ ജീവിക്കുന്നവന് ദൈവാനുഗ്രഹം സുനിശ്ചിതമാണ് എന്ന് നിർവചിക്കുകയാണ് സഖറിയായുടെ ജിവിതം.

യോഹന്നാൻ എന്ന പേരിന്റെ അർത്ഥം ദൈവം കരുണ ചെയ്തു എന്നാണ്. മക്കൾ എന്നത് ദൈവത്തിന്റെ വലിയ കാരുണ്യം തന്നെയാണ്. എന്നാൽ മക്കളെ ദൈവത്തിന്റെ കാരുണ്യമായി കാണുന്ന ഒരു സംസ്കാരവും ജീവിതശൈലിയും കെട്ടടങ്ങിക്കൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ ഹൃദയകാഠിന്യമേറുന്നിടത്താണ് ദൈവത്തിന്റെ ഹൃദയകാരുണ്യത്തെ തിരിച്ചറിയാൻ കഴിയാതെ പോകുന്നത്. യു. കെ.യിൽ ഇതുവരെ ഗർഭഛിദ്രത്തിൽ കൊല്ലപ്പെട്ടത് 8.7 ദശലക്ഷം കുഞ്ഞുങ്ങളാണ് എന്ന പത്രറിപ്പോർട്ട്, ഈയിടെ നമ്മുടെ ശ്രദ്ധയിൽപ്പെട്ടിരിക്കാം. ഇന്ത്യയിൽ ഭ്രൂണഹത്യയ്ക്ക് ഇരയായ

കുഞ്ഞുങ്ങളുടെ എണ്ണമോ ഇതിലും ഭീകരം. ദൈവത്തിന്റെ കാരുണ്യത്തെ പുറംകാലുകൊണ്ട് തട്ടിക്കളയുന്ന മനുഷ്യന്റെ സ്വാർത്ഥതയാണ് ഇത് കാണിക്കുന്നത്. ദൈവം നൽകുന്ന ജീവനെ സംരക്ഷിക്കാനും വളർത്താനും ഓരോ മാതാപിതാക്കൾക്കും കഴിയണം. നമ്മോട് ദൈവം കാണിച്ച കാരുണ്യമാണ് നമ്മുടെ മക്കൾ എന്ന് മറന്നു പോകാതിരിക്കുക. മക്കളെ പ്രതി ദൈവത്തോട് നന്ദി പറയുവാനും നമുക്ക് സാധിക്കണം. ദൈവേഷ്ടപ്രകാരം നമ്മുടെ മക്കളെ വളർത്തിക്കൊണ്ടുവരുക എന്നതാണ് ആ ദൈവകാരുണ്യത്തിന് നമുക്ക് കൊടുക്കാൻ കഴിയുന്ന പ്രത്യുത്തരം.

ലൂക്കാ 1:58-ാം വാക്യത്തിൽ നാം കാണുന്നു 'കർത്താവ് അവളോട് വലിയ കാരുണ്യം കാണിച്ചിരിക്കുന്നു എന്ന് കേട്ട അയൽക്കാരും ബന്ധുക്കളും അവളോടൊത്ത് സന്തോഷിച്ചു എന്ന്. ദൈവത്തിന്റെ അനുഗ്രഹങ്ങൾ നമ്മുടെ ജീവിതത്തിലും മറ്റൊരാളുടെ ജീവിതത്തിലും ഉണ്ടാകുമ്പോൾ അതിൽ സന്തോഷിക്കാനായി നമുക്ക് കഴിയണം. എന്നാൽ ഇന്ന് നാമെല്ലാം നമ്മിലേക്ക് തന്നെ ഒതുങ്ങിക്കൊണ്ടിരിക്കുകയാണ്. 2017 ഡിസംബർ അവസാനത്തോടെ ലോകജനസംഖ്യയുടെ 48.6% ആളുകളും ഇന്റർനെറ്റ് വരിക്കാരാകുമെന്നാണ് പഠനറിപ്പോർട്ട്. ഇതിൽ 46.5 കോടി ജനങ്ങൾ ഇന്ത്യയിൽ നിന്നുള്ളവരാകുമെന്നും പഠന റിപ്പോർട്ടിൽ പറയുന്നു. 2019 ആകുമ്പോഴേക്കും ലോകജനതയുടെ പകുതിയിലധികവും ഓൺലൈനിലാകുമെന്നാണ് റിപ്പോർട്ടിലുള്ളത്. ഇതുവഴി നാമെല്ലാം ലോകത്ത് നമ്മുടെ കയ്യിൽ ഒതുങ്ങി പുതിയ വീക്ഷണകോണുകൾ നേടാൻ ശ്രമിക്കുന്നു. ഇങ്ങനെ തന്റെ കയ്യിലുള്ള ലോകത്തിൽ മാത്രം നോക്കി ജീവിക്കുന്ന സമൂഹത്തിലെ അംഗങ്ങളായി അറിഞ്ഞോ അറിയാതെയോ നാമും മാറിപ്പോകും. നമുക്കും ചുറ്റുമുള്ള ലോകത്തെയും മറ്റുള്ളവരുടെ സന്തോഷങ്ങളെയും കാണാനോ അവരോടൊപ്പമാകാനോ കഴിയാതെ പോകുന്നു എന്ന യാഥാർത്ഥ്യം വിസ്മരിക്കാനാവില്ല. എന്റെ ജീവിതത്തിൽ എന്റെ അയൽക്കാരുടെ ദുഃഖത്തിലും സന്തോഷത്തിലും പങ്കുചേരാൻ കഴിയുമ്പോഴെ ഞാൻ സമൂഹജീവിയും ദൈവസൃഷ്ടിയുമാണെന്ന ബോധ്യത്തിൽ ജീവിക്കുന്നവനാകൂ എന്നത് മറക്കാതിരിക്കാം.

സ്നാപകയോഹന്നാൻ എന്ന ശിശു ആരായിത്തീരും എന്നുള്ള ജനത്തിന്റെ ചിന്തയിലാണ് ഇന്നത്തെ വചനഭാഗത്തിന് തിരശ്ശില വീഴുന്നത്. ജനത്തിന്റെ ഈ പരാമർശം സ്നാപകന്റെ ദൗത്യത്തെയാണ് വരച്ചു കാട്ടുക. ഈശോയ്ക്ക് വഴിയൊരുക്കുവാനും മാനസാന്തരത്തിന്റെ നുറുങ്ങുവെട്ടം അനേകരിൽ പകരുവാനും സർവ്വോപരി ഇസ്രായേൽക്കാരുടെ വിശ്വാസമനുസരിച്ച് ദൈവപുത്രനായ യേശുക്രിസ്തുവിന്റെ വരവിന് മുമ്പ് ഏലിയ കടന്നുവരുമെന്നതിന് പൂർത്തികരണമായി ഏലിയ ആകുവാനുള്ള ദൗത്യവുമായാണ് യോഹന്നാൻ കടന്നുവരുക. ഈ ദൗത്യത്തിന് സ്നാപകയോഹന്നാനെ പ്രാപ്തനാക്കുന്ന ഒന്നായിട്ട് സുവിശേഷകൻ കാട്ടുന്നതാണ് "കർത്താവിന്റെ കരം അവനോട് കൂടെ ഉണ്ടായിരുന്നു" എന്നത്. യഹൂദചരിത്രത്തിലുടനീളം നാം കാണുന്നതാണ് കർത്താവിന്റെ കരം ആരുടെ കൂടെ ഉണ്ടോ അവർ വിജയിക്കുന്നു എന്ന സത്യം. കർത്താവിന്റെ കരം കൂടെയുള്ളപ്പോൾ യുദ്ധങ്ങൾ വിജയിക്കുന്ന ഇസ്രായേൽ ജനത്തെ നാം പഞ്ചഗ്രന്ഥത്തിൽ കാണുന്നു. സ്നാപകൻ തന്റെ ദൗത്യങ്ങൾ നിർവ്വഹിക്കാൻ പ്രാപ്തനാക്കുന്നതും ഇതുതന്നെയാണ്. ക്രിസ്തുമസിനായി അടുത്ത് ഒരുങ്ങുന്ന നമുക്കും പ്രത്യേകമായി ഉണ്ണിയേശുവിനോട് ചോദിക്കേണ്ട ഒരനുഗ്രഹമാണ് അവിടുത്തെ കരം എന്റെ വ്യക്തി ജീവിതത്തിലും സമൂഹജീവിതത്തിലും ഒപ്പമുണ്ടാകാൻ അനുവദിക്കണമേ എന്നത്. ദൈവത്തിന്റെ അനുഗ്രഹവും സംരക്ഷണവും കൂട്ടിനുള്ളവർക്കെ ഈ ജീവിതം വിശുദ്ധമാക്കുവാനും നിത്യജീവൻ സ്വന്തമാക്കാനും സാധിക്കൂ. അതിനുള്ള പ്രത്യേക കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം. ഇതിനായി ദൈവം നിങ്ങളെ ഓരോരുത്തരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ◆